# Dakshina Kerala Jam-iyyathul Ulama

H.O. Kollam

ജുമുഅ പ്രഭാഷണം "ശാപം നാശമാണ്" (03/03/17)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

إِنَّ الَّذِينَ يَكْتُمُونَ مَا أَنْزَلْنَا مِنَ الْبَيِّنَاتِ وَالْهُدَى مِنْ بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِ أُولَئِكَ يَلْعَنُهُمُ اللَّهُ وَيَلْعَنُهُمُ اللَّاعِنُونَ ﴿البقرة ١٥٩﴾

ഗുണകാംഷയുടെ വിപരീതമായ ദുർഗുണങ്ങളെ കുറിച്ചാണ് നാം പറഞ്ഞുവരുന്നത്.

- അല്ലാഹുവിന്റെ ഏറ്റവും വലിയ സിഫത്ത് റഹ്മത്താണ്. ജലാലത്തിന്റെ ഇസ്മിനോട് ചേർത്ത് പറയുന്നത് റഹ്മാൻ, റഹീം എന്നിവയാണല്ലോ? ഈ ഗുണം അല്ലാഹുവിന്റെ മുഖമുദ്രയായി ഖുർആൻ പരിചയപ്പെടുത്തുന്നുണ്ട്.

كَتَبَ رَبُّكُمْ عَلَى نَفْسِهِ الرَّحْمَةَ ﴿الأنعام ٥٤﴾

- അല്ലാഹുവിന്റെ ഈ റഹ്മത്തിനെ തൊട്ട് ആട്ടിയകറ്റലാണ് ശാപം.

اللعن فانه في اللغة الابعاد والطرد وفي الشرع الابعاد من رحمة الله تعالى

സ്വർഗ്ഗത്തിൽ നിന്ന് ആട്ടിയകറ്റപ്പെട്ട ഇബ്ലീസിനെ അല്ലാഹു ശപിക്കുകയായിരുന്നു.

قَالَ فَاخْرُجْ مِنْهَا فَإِنَّكَ رَجِيمٌ (٧٧) وَإِنَّ عَلَيْكَ لَعْنَتِي إِلَى يَوْمِ الدِّينِ (٧٨) ﴿ص﴾

അല്ലാഹുവിന്റെ കോപങ്ങൾ സംഭവിക്കട്ടെ എന്ന് മറ്റുള്ളവരോട് പറയൽ അവരെ ശപിക്കലാകുന്നു.

أَصْلُ اللَّعْنِ الْإِبْعَادُ ، وَقَدْ تَقَدَّمَ . وَهُوَ فِي الْعُرْفِ إِبْعَادٌ مُقْتَرِنٌ بِسُخْطٍ وَغَضَبٍ(قرطبي)

ഇന്ന് എന്തിനും ഏതിനും ശാപവാക്കുകൾ പറയൽ സാർവ്വത്രികമായിരിക്കുന്നു. സ്വന്തം മക്കൾക്കെതിരെ പോലും പറയാൻ മടിയില്ലാതായിരിക്കുന്നു. മൂന്ന് ദുആകൾ തള്ളപ്പെടുകയില്ലെന്ന് പറഞ്ഞതിൽ ഒന്ന് മക്കൾക്കെതിരെയുള്ള മാതാപിതാക്കളുടെ പ്രാർത്ഥനയാകുന്നു.

دعاء الوالد على ولده

ഇത് മക്കൾക്ക് വലിയ ദോഷമുണ്ടാക്കും.

- ഇത് കടുത്ത തിന്മയാണ്. ഗുണകാംക്ഷക്കെതിരാണ്. ഒരു മുസ്ലിമിൽ നിന്ന് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ്.

عن سلمة بن الأكوع (ر) قال: كنا إذا رأينا الرجل يلعن أخاه رأينا أن قد أتى بابا من الكبائر.(الاحياء)

(=ആക്ഷേപിക്കുന്നവരും ശപിക്കുന്നവരും അല്ലാഹുവിന് ഏറ്റവും വെറുപ്പുള്ളവരാണ്)

- ഒരാളെ ശപിക്കൽ അയാളെ കൊല്ലുന്നതിന് തുല്ല്യമാണ്.

عَنْ ثَابِتِ بْنِ الضَّحَّاكِ رضي الله عنه أَنَّ النَّبِيَّ صلى الله عليه وسلم قَالَ: لَعْنُ الْمُؤْمِنِ كَقَتْلِهِ (متفق عليه)

➢ തന്മൂലം വ്യക്തികളെ ശപിച്ച് കൂടാ. ഇതിൽ മുസ്‌ലിം അമുസ്ലിം വ്യത്യാസമില്ല. ഖുർആൻ പേരെടുത്ത് ശപിച്ചവരൊഴികെ ആരുടെ മേലും ലഅ്നത്ത് പറയരുത്. ഉദാ: ട്രംപ്, നെതന്യാഹു....

لَا يَجُوزُ لَعْنُ أَحَدٍ بِعَيْنِهِ مُسْلِمًا كَانَ أَوْ كَافِرًا أَوْ دَابَّةً إِلَّا مَنْ عَلِمْنَا بِنَصٍّ شَرْعِيٍّ أَنَّهُ مَاتَ عَلَى الْكُفْرِ أَوْ يَمُوتُ عَلَيْهِ كَأَبِي جَهْلٍ ، وَإِبْلِيسَ (شرح مسلم)

إن كل شخص ثبتت لعنته شرعاً فتجوز لعنته (احياء)

ഹുസൈൻ(റ)നെ നിഷ്ഠൂരമായി കൊലപ്പെടുത്തി, തല കുന്തത്തിൽ കുത്തി നാട്ടി ഘോഷയാത്ര നടത്തിയ യസീദിനെ പോലും ശപിച്ചുകൂടാ എന്നാണ് ദീനിന്റെ നിലപാട്.

فإن قيل هل يجوز لعن يزيد لأنه قاتل الحسين أو آمر به ؟ قلنا : هذا لم يثبت أصلاً فلا يجوز أن يقال إنه قتله أو أمر به ما لم يثبت ، فضلاً عن اللعنة (احياء)

➢ മൃഗങ്ങളെ പോലും ശപിച്ചു കൂടാ.

عَنْ أَنَسِ بْنِ مَالِكٍ رَضِيَ اللَّهُ عَنْهُ ، قَالَ : كَانَ رَجُلٌ مَعَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَلَى بَعِيرٍ فَلَعَنَ بَعِيرَهُ ، فَقَالَ النَّبِيُّ (ص): " يَا عَبْدَ اللَّهِ ، لا تَسِرْ مَعَنَا عَلَى بَعِيرٍ مَلْعُونٍ(ابو يعلي)

മറ്റൊരിക്കൽ ഒരു സ്ത്രീയോട് നബി(സ) ഇപ്രകാരം പറയുകയുണ്ടായി.

عَنْ عِمْرَانَ بْنِ حُصَيْنٍ قَالَ بَيْنَمَا رَسُولُ اللَّهِ (ص) فِي بَعْضِ أَسْفَارِهِ وَامْرَأَةٌ مِنَ الْأَنْصَارِ عَلَى نَاقَةٍ فَضَجِرَتْ فَلَعَنَتْهَا فَسَمِعَ ذَلِكَ رَسُولُ اللَّهِ (ص) فَقَالَ خُذُوا مَا عَلَيْهَا وَدَعُوهَا فَإِنَّهَا مَلْعُونَةٌ (مسلم)

(=മൃഗത്തിന്മേലുള്ള ചരക്കുകൾ എടുത്തശേഷം അതിനെ ഉപേക്ഷിക്കുക. അത് ശപിക്കപ്പെട്ടു പോയി.) ഇവ്വിധം പറഞ്ഞത് അവൾക്കും മറ്റുള്ളവർക്കും പാഠമാകാൻ വേണ്ടിയായിരുന്നു.

➢ ശപിക്കുന്നവരിലേക്ക് ശാപം മടങ്ങി വരുമെന്ന് നബി(സ)പറഞ്ഞിരിക്കുന്നു.

وَعَنْ أَبِي الدَّرْدَاءِ رَضِيَ اللَّهُ عَنْهُ قَالَ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : " إِنَّ الْعَبْدَ إِذَا لَعَنَ شَيْئًا صَعِدَتِ اللَّعْنَةُ إِلَى السَّمَاءِ ، فَتُغْلَقُ أَبْوَابُ السَّمَاءِ دُونَهَا ، ثُمَّ تَهْبِطُ إِلَى الْأَرْضِ فَتُغْلَقُ أَبْوَابُهَا دُونَهَا ، ثُمَّ تَأْخُذُ يَمِينًا وَشِمَالًا ، فَإِذَا لَمْ تَجِدْ مَسَاغًا رَجَعَتْ إِلَى الَّذِي لُعِنَ ، فَإِنْ كَانَ لِذَلِكَ أَهْلًا ، وَإِلَّا رَجَعَتْ إِلَى قَائِلِهَا " ( أَبُو دَاوُدَ)

ആയതിനാൽ ഒരിക്കലും ശപിക്കാതിരിക്കുക. നാം മറ്റുള്ളവരെ ശപിക്കുമ്പോൾ അത് നമ്മി ലേക്കും കുടുംബത്തിലേക്കും മടങ്ങിവരും. നമ്മുടെ മക്കളെ ദോഷകരമായി ബാധിക്കും.

➢ കൂടാതെ ശാപം നമ്മുടെ പരലോകം നഷ്ടപ്പെടുത്തും.

عَنْ أَبِي الدَّرْدَاءِ (ر) قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ لَا يَكُونُ اللَّعَّانُونَ شُفَعَاءَ وَلَا شُهَدَاءَ يومَ الْقِيمَةِ (مسلم)

(=അവർക്ക് തന്റെ കുടുംബക്കാർക്ക് വേണ്ടി ശഫാഅത്ത് ചെയ്യാൻ കഴിയില്ല. മറ്റ് വിശ്വാ സികൾ മുൻ പ്രവാചകന്മാർ ദഅ്‌വത്ത് പൂർത്തിയാക്കിയിരുന്നു എന്ന് സാക്ഷി നില്ക്കുമ്പോൾ ആ ഭാഗ്യവും ശപിക്കുന്നവർക്ക് ലഭിക്കുകയില്ല.